**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6692** **11-07-2024 - ൽ മറുപടിയ്ക്ക്**

**ചൂണ്ടൽ സർക്കാർ യു.പി.എസ്-ന് സ്കൂൾ ബസ് വാങ്ങുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 വർഷം ചൂണ്ടൽ ഗവൺമെന്റ് യു.പി.എസ്.ന് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | ജി.യു.പി.എസ് ചൂണ്ടൽ സ്കൂളിന് ബസ് അനുവദിക്കുന്നതിനുള്ള ഇ - ടെണ്ടർ നടപടികൾ സ്വീകരിച്ച് , നടപടികൾ പൂർത്തീകരിക്കുന്നതിനായി പ്രധാന അധ്യാപികയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും നിർവ്വഹണ അധികാരി ആരാണെന്നും അറിയിക്കാമോ; | (ബി) | 16 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. തൃശ്ശൂർ ജില്ലാ കളക്ടറുടെ 11.07.2023 തീയതിയിലെ ആർ.ഡി6/5320/2019 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥനായി പ്രധാന അദ്ധ്യാപികയെയും നോഡൽ ഓഫീസറായി തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ അടിയന്തരമായി സ്കൂൾ ബസ് ലഭ്യമാക്കാൻ നടപടി എടുക്കുമോ; വിശദാംശം നൽകാമോ? | (സി) | പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ